തുടർന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 23-5-2020-ലെ RBI/2019-20/244.DOR.No.BP.BC.71/21.04.048/2019-20 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 1-6-2020 മുതൽ 31-8-2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർക്ക് പലിശ ഇളവ് ചെയ്ത് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പലിശ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന പലിശ നഷ്ടം എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നത്?

(ബി&സി) ഇല്ല.

**റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ**

265(5424) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാരക രോഗങ്ങൾ ബാധിച്ചുമരിക്കുന്നവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന്റെ കടം കണക്കിൽ വരവ് വയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘം/ ബാങ്കിന് അനുവദിച്ചുനൽകുന്നു. തുക അനുവദിച്ച ശേഷം വിവരം വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി കഴിയുന്നത്ര വേഗത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly